"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- പട്ടാമ്പിയിലെ ബയോഫെർട്ടിലൈസർ & ഓർഗാനിക് മാന്വർ കൺട്രോൾ ലാബ് (BOQCL) ൽ പുനർവിന്യാസത്തിലൂടെ തസ്തികകൾ അനുവദിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(കൈ) നം.57/2024/AGRI തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/05/2023, 19/01/2024 തീയതികളിലെ ADFW/5366/2023-TQ1 നമ്പർ കത്തുകൾ

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിനുകീഴിൽ പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന ബയോഫെർട്ടിലൈസർ & ഓർഗാനിക് മാന്വർ കൺട്രോൾ ലാബ് (BOQCL) ൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടാമ്പിയിലെ ബയോഫെർട്ടിലൈസർ & ഓർഗാനിക് മാന്വർ കൺട്രോൾ ലാബ് (BOQCL) ന്റെ പ്രവർത്തനങ്ങൾക്കായി ചുവടെ പട്ടികയിൽ പറയും പ്രകാരം തസ്തികകൾ പുനർവിന്യാസത്തിലൂടെ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കുന്ന തസ്തിക | പുനർവിന്യസിക്കപ്പെടുന്ന ഓഫീസും പകരം ചുമതലാ ക്രമീകരണവും |
|---|---|---|
| 1 | കൃഷി ഡപ്യൂട്ടി ഡയറക്ടർ -1 | പി പി എം സെൽ (ടിയാന്റെ ചുമതല പ്രൊജക്റ്റ് എക്കണോമിസ്റ്റ് നിർവഹിക്കേണ്ടതാണ് ) |
| 2 | കൃഷി ഓഫീസർ- 1 | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, കണ്ണൂർ (ടിയാന്റെ ചുമതല കൃഷി ഓഫീസർ, ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, കണ്ണൂർ നിർവഹിക്കേണ്ടതാണ് ) |
| 3 | ലാബ് അറ്റൻഡർ- 1 | ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, തിരുവനന്തപുരം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രശാന്ത് എൻ ഐ എ എസ്**

സ്പെഷ്യൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, പിപിഎം സെൽ
കൃഷി (ഫാംസ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (**AGRI-EA1/132/2021-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ